

THURSDAY 27-04-2023 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : PADMAM S.** **Editor : Dr. BINU HARRIET IVAN**



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)–27/04/2023.

1. ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് കാർഷികബ്ലോക്ക് കൃഷി ദർശൻ പരിപാടി ഹരിപ്പാട് ഗവ ബോയ്സ് ഹയർ സെക്കണ്ടറി സ്കൂളിൽ ഈ മാസം 29 വരെ നടക്കുന്നു. കൃഷി ശാസ്ത്രത്തിലെ പുത്തൻ അറിവുകളും സങ്കേതങ്ങളും പകർന്നു നൽകാൻ മൂല്യ വർദ്ധനവിലൂടെ ഓരോ കർഷകനേയും ഓരോ കർഷക സംരംഭകരാക്കുവാൻ "കൃഷി ദർശൻ" സഹായിക്കും. പ്രസ്തുത പരിപാടിയോടനുബന്ധിച്ചു കാർഷിക പ്രദർശനം, കാർഷിക വിജ്ഞാന വ്യാപനം, കാർഷികസെമിനാർ, കൃഷിയിട സന്ദർശനവും കർഷക അദാലത്ത്, കൃഷികൂട്ട സംഗമം എന്നിവ സംഘടിപ്പിച്ചിരിക്കുന്നു. . പ്രസ്തുത പരിപാടിയുടെ സമാപന ദിവസം കൃഷികൂട്ടസംഗമം നടത്തപ്പെടുന്നു. തുടർന്നുള്ള പൊതുസമ്മേളനം ഹരിപ്പാട് എം.എൽ.എ രമേശ് ചെന്നിത്തല അവർകളുടെ അധ്യക്ഷതയിൽ കൃഷിവകുപ്പ് മന്ത്രി പി പ്രസാദ് ഉദ്ഘാടനം നിർവഹിക്കും.

2. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോർട്ടിക്കൾച്ചർ റിസർച്ചിന്റെ (ഐ.സി.എ.ആർ.) സാങ്കേതിക സഹായത്തോടെ സംസ്ഥാന കൃഷിവകുപ്പ് - സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള മുഖാന്തിരം രാഷ്ട്രീയ കൃഷി വികാസ് യോജന എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് വെർട്ടിക്കൽ മാതൃകയിൽ പച്ചക്കറി കൃഷി നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു. ഒരു സ്ക്വയർ മീറ്റർ വിസ്തൃതിയിൽ സ്ഥാപിക്കാൻ കഴിയുന്ന 4 അടുക്കുകളുള്ള അർക്ക വെർട്ടിക്കൽ ഗാർഡൻ സ്ട്രക്ച്ചറിനൊപ്പം 16 ചെടിച്ചട്ടികൾ, 80 കിലോഗ്രാം പരിപോഷിപ്പിച്ച നടീൽ മാധ്യമം (ചകിരിച്ചോർ), ചീര, മുളക്, പാലക്ക്, മല്ലി, കത്തിരി, തക്കാളി തുടങ്ങിയ വിളകളുടെ വിത്ത്, സസ്യ പോഷണ സംരക്ഷണ പദാർത്ഥങ്ങൾ, 25 ലിറ്റർ സംഭരണശേഷിയുള്ള തുള്ളിനന സൗകര്യം എന്നിവ ഉണ്ടായിരിക്കുന്നതാണ്. ചക്രങ്ങൾ ഘടിപ്പിച്ചിട്ടുള്ളതിനാൽ സൂര്യപ്രകാശ ലഭ്യതയ്ക്കനുസരിച്ച് സ്ഥാനം മാറ്റാവുന്നതാണ്. 22100/- രൂപ ആകെ ചിലവ് വരുന്ന ഒരു യൂണിറ്റ് അർക്ക വെർട്ടിക്കൽ ഗാർഡൻ 10525/- രൂപ ധനസഹായത്തോടെയാണ് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുക. https://serviceonline.gov.in/ എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി ആണ് അപേക്ഷ സമർപ്പിക്കേണ്ടത്. ഗുണഭോക്തൃവിഹിതമായ 11575/- രൂപ അപേക്ഷയോടൊപ്പം ഓൺലൈനായി മുൻകൂർ

അടയ്ക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരള പി.ഒ., പാളയം, തിരുവനന്തപുരം** എന്ന മേൽവിലാസത്തിലോ, **0471 2330857, 9188954089** എന്നീ ഫോൺ നമ്പരുകളിലോ ബന്ധപ്പെടുകയോ, www.shm.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യുക.

3. തിരുവനന്തപുരം കുടപ്പനക്കുന്ന് സർക്കാർ പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും ഒരു ദിവസം പ്രായമുള്ള ഗ്രാമശ്രീ ഇനത്തിൽപ്പെട്ട പിടക്കോഴിക്കുഞ്ഞുങ്ങളെ 25 രൂപ നിരക്കിലും പൂവൻകോഴി കുഞ്ഞുങ്ങളെ അഞ്ചു രൂപ നിരക്കിലും എല്ലാ ചൊവ്വ ,വെള്ളി ദിവസങ്ങളിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. ഈ മാസം 28ന് 1700 പൂവനും 1500 പിടയും, മെയ് മാസം 2-ാം തീയതി 2600 പൂവനും 2400 പിടയും, 5-ാം തീയതി 1800 പൂവനും 1500 പിടയും, 9-ാം തീയതി 2000 പൂവനും 1800 പിടയും എന്ന തോതിൽ കർഷകർക്ക് വിൽപനയ്ക്ക് ലഭ്യമാണെന്ന് കുടപ്പനക്കുന്ന് റീജിയണൽ പോൾട്രിഫാം അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു. താൽപ്പര്യമുള്ളവർ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 4 മണി വരെ **0471-2730804** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

## പരിശീലന പരിപാടി

4. മലമ്പുഴ മൃഗ സംരക്ഷണ പരിശീലന കേന്ദ്രത്തിൻറ ആഭിമുഖ്യത്തിൽ മുട്ടക്കോഴി വളർത്തൽ എന്ന വിഷയത്തിൽ ഇന്ന് (27/04/2023) മൃഗസംരക്ഷണ പരിശീലന കേന്ദ്രം മലമ്പുഴയിൽ വച്ച് രാവിലെ 10.00 മുതൽ 4.00 മണി വരെ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 9188622713, 0491-2815454 എന്ന നമ്പറിൽ വിളിച്ച് മുൻ കൂട്ടി രജിസ്റ്റർ ചേയ്യേണ്ടതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡിൻറെ കോപ്പി കൊണ്ടുവരേണ്ടതാണ്.

5. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ -പഠന കേന്ദ്രം തയ്യാറാക്കിയ ''രോഗ കീട നിയന്ത്രണം ജൈവ ജീവാണു മാർഗങ്ങളിലൂടെ'' എന്ന മാസ്സീവ് ഓപ്പൺ ഓൺലൈൻ കോഴ്സിലേക്കുള്ള അടുത്ത ബാച്ച് 2023 മെയ് 2 ന് തുടങ്ങുന്നു. ഈ കോഴ്സിൽ അംഗത്വം നേടുന്നതിനായി 2023 മെയ് 1 നകം രജിസ്റ്റർ ചെയ്യേണ്ടതാണ്. പത്ത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. കോഴ്സിൻറെ ഭാഗമായി നടത്തുന്ന പരീക്ഷ പാസ്സാവുന്ന

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പഠിതാക്കൾക്ക് ആവശ്യമെങ്കിൽ സർട്ടിഫിക്കറ്റും നൽകുന്നതാണ്. സർട്ടിഫിക്കറ്റിന് നിശ്ചിത ഫീസ് ഈടാക്കുന്നതാണ്. www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്തവർക്ക് മെയ് 2 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് യുസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്

**കാർഷിക നിർദ്ദേശങ്ങൾ**

നെൽ കൃഷിയിൽ ഒന്നാം വിളയ്ക്ക് പൊടിവിതയായി നാടൻ ചേറാടി നെല്ലിനങ്ങൾ കൃഷി ചെയ്യുന്ന കർഷകർക്ക് പകരമായി മകരം, കുംഭം, ധനു, അമൃത തുടങ്ങിയ ദീർഘ കാല മൂപ്പുള്ള ഇനങ്ങൾ പരീക്ഷിക്കാവുന്നതാണ്.

ജില്ലയൊട്ടാകെ വേനൽ ലഭിച്ച സാഹചര്യത്തിൽ ഇപ്പോൾ അതിനായി കുമ്മായം ഇട്ട് നിലം ഒരുക്കി രണ്ടാഴ്ചയ്ക്ക് ശേഷം ജൈവവളവും ചെയ്ത് പൊടി വിത നടത്താവുന്നതാണ്.

ഹെക്ടറിന് 600 കിലോ ഗ്രാം കുമ്മായം രണ്ട് തവണകളായി നൽകുന്നതാണ് നല്ലത്. നിലം ഒരുക്കുന്ന സമയത്ത് ഹെക്ടറിന് 350 കിലോ ഗ്രാമും വിതച്ച് അല്ലെങ്കിൽ നട്ട് ഒരു മാസത്തിനു ശേഷം ഹെക്ടറിന് 250 കിലോ ഗ്രാമും വീതം കൊടുക്കുക.

മൂന്നാം വിളയായി പാടത്ത് പയർ കൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ ഒന്നാം വിളയ്ക്കായി നിലമൊരുക്കുമ്പോൾ പയർ ഉഴുതു ചേർക്കുന്നത് മണ്ണിന്റെ ഫലഭൂയിഷ്ഠി കൂട്ടുന്നതിന് സഹായിക്കും.

പൊടി വിതയ്ക്കുപയോഗിക്കുന്ന വിത്തുകൾ 10 ഗ്രാം സ്യൂഡോമോണാസ് 1 കിലോ വിത്തിന് എന്ന തോതിൽ പരിചരിച്ച ശേഷം വിതയ്ക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം